**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 133** **04-10-2021 - ൽ മറുപടിയ്ക്ക്**

**ജയിലുകളിലെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ.പി. കെ. ബഷീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർ സ്ഥിരമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ ; | (എ) | ജയിൽ ഉദ്യോഗസ്ഥർ നടത്തിയിട്ടുള്ള പരിശോധനയിൽ ചില തടവുകാർ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവ പിടിച്ചെടുക്കുകയും ജയിൽ ചട്ട പ്രകാരമുള്ള അച്ചടക്ക നടപടികൾ കൈക്കൊള്ളുകയും കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരിശോധനയിൽ ജയിലുകളിൽ നിന്നും മാരകായുധങ്ങൾ കണ്ടെടുത്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ; | (ബി) | ഇല്ല |
| (സി) | ജയിലുകളിലെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | ജയിലുകളിലെ ചുറ്റുമതിൽ ഇലക്ട്രിക് ഫെൻസിംഗ് നടത്തി സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. മെയിൻ ഗേറ്റും പരിസര പ്രദേശങ്ങളും കർശന നിരീക്ഷണത്തിനായി ഐ.ആർ.ബി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സി.സി.ടി.വി., ഡി.എഫ്.എം.ഡി, എക്സ്റേ ബാഗേജ് സ്കാനർ എന്നീ സംവിധാനത്തിലൂടെയുള്ള പരിശോധന കർശനമായി നടപ്പാക്കി വരുന്നു. ജയിൽ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ നിരീക്ഷണം ഏർപ്പെടുത്താനും സുരക്ഷാ ക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കാനും ഡ്യൂട്ടി സ്ഥലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ച് തടവുകാരുടെ നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും ഇതിലൂടെ ജയിൽ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ